# കൈയ്യൊപ്പ്

2022-2023

# മാഗസിൻ

വി. ആർ. വി. എം. ജി.
എച്ച്. എസ്. എസ്.
വയലാർ

# ഉള്ളടക്കം


| പേജ് | | തയ്യാറാക്കിയത് |
|---|---|---|
| ജീവചരിത്രകുറിപ്പ് | 1 | Rizwan Mujeeb |
| പഥികന്റെ പാട്ട് | 2 | Gayathri |
| | 3 | Krishna Dev |
| ജീവചരിത്രകുറിപ്പ് | 4 | Sree Lekshmi |
| കഥ | 5 | Abhirami |
| കവിത രചന മത്സരത്തിൽ നിന്നും തെരഞ്ഞെടുത്തത് | 6,7,8,9,10 | |
| ലഘു കുറിപ്പ് | 11 | krishna priya |
| സാഹിത്യ ക്വിസ് | 12 | Akshay Samarth |
| പ്രശസ്ത മലയാള കവികൾ | 13 | Rizwana Rasheed |
| ജീവചരിത്രകുറിപ്പ് | 14 | Sanjay k.s |
| പോസ്റ്റർ | 15 | Sughandhi |

# ജീവചരിത്ര കുറിപ്പ്



## മാധവി കുട്ടി (കമല സുരയ്യ )

**1934** മാർച്ച് **31** ന് തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത് ജനിച്ചു .മലയാളത്തിലെ ഇംഗ്ലീഷിലും ഒരുപോലെ പ്രശസ്തമായ എഴുത്തുകാരി .മലയാളത്തിൽ മാധവികുട്ടി എന്ന പേരിലും ഇംഗ്ലീഷിൽ കമലാദാസ് എന്ന പേരിലുമാണ് അവർ രചനകൾ നടത്തിരിക്കുന്നത്. വയലാർ അവാർഡ്എഴുത്തച്ഛൻ പുരസ്കാരം കേരളം സാഹിത്യ അക്കാദമി പുരസ്കാരം ഏഷ്യൻറ് വേൾഡ് പ്രൈസ്.ഏഷ്യൻ പോയറ്ററി പ്രൈസ് കെൻറ്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട് .കടൽ മയൂരം ,ഭയം എന്റെ നിരാവസ്ത്രം ,എന്റെ സ്നേഹിതാ അരുണ , ചുവന്ന പാവാട , പക്ഷിയുടെ മണം ,തണുപ്പ്,മാനസി ,എന്റെ കഥ , ബാല്യകാല സമരണകൾ , വർഷങ്ങൾക്കുമുൻപ്,ഡയറി കുറിപ്പുകൾ, നീർമാതളം പൂത്ത കാലം ,നഷ്ട്ടപെട്ട നീലാംബരി , ചന്ദനമരങ്ങൾ ,മനോമി ,വീണ്ടും ചില കഥകൾ ,ഒറ്റയടിപ്പാത യാ അല്ലാഹ്,കവാടം (സുലോചനയുമൊത്തു ),വണ്ടിക്കാളകൾ ,കൽക്കട്ടയിലെ വേനൽ (summer in calicutta ) ,കാമത്തിന്റെ അക്ഷരങ്ങൾ (Alphabet of the lust ),പിതൃപരമ്പര (The Descendance ),പഴയ കളിവീടും മറ്റു കവിതകളും (old play house and other poems ),തിരഞ്ഞെടുത്ത കവിതകൾ (Collected poems ),എങ്ങനെ പാടണമെന്നു ആത്മാവിനെ അറിയൂ (Only the souls knows how to sing ),ചൂളംവിളികൾ (The sirens )എന്നിവയാണ് പ്രധാന കൃതി



Rizwan mujeeb



# ജി.ശങ്കരക്കുറുപ്പ്
# <u>പഥികന്റെ പാട്ട്</u>

**ഇരുളിൽ നിന്നെന്നുമിരുളിലേയ്ക്കും സ്വയം**

**മരുവിൽ നിന്നെന്നും മരുവിലേയ്ക്കും**


**പലയുഗമായിക്കടന്നു ചുറ്റിത്തിരി**

**ഞ്ഞലയും മനസ്സിന് ദുരന്തദാഹം...**



**Gayathri**

# കൈ കഴുക്കു സുരശിതരായി വീട്ടിൽ ഇരിക്കു



ശരീരത്തെ നന്നാക്കു  ആരോഗ്യം  രക്ഷിക്കു

മാസ്ക്ക്  ധരിക്കു സനിറ്റീസെർ ഉപയോഗിക്കുക




krishna dev

# ജീവചരിത്ര കുറിപ്പ്

## *സക്കറിയ*

കോട്ടയം ജില്ലയിലെ ഉരുളികുന്നത് 1945 ജൂൺ 5 ന് ജനിച്ചു. ചെറുകഥാകൃത്തും നോവലിസ്റ്റും ആണ് പോൾ സക്കറിയ എന്ന സക്കറിയ. രചനകളുടെ ഇംഗ്ലീഷ് പരിഭാഷകൾ അടക്കം മുപ്പതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഡൽഹിയിൽ പ്രസാധന-മാധ്യമരംഗങ്ങളിൽ 20 വർഷത്തോളം പ്രവർത്തിച്ചു. സക്കറിയയുടെ 'ഭാസ്കരപട്ടേലരും എന്റെ ജീവിതവും' എന്ന നോവലെറ്റ് അടിസ്ഥാനമാക്കി അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ചിത്രമാണ് 'വിധേയൻ' (1993).
സലാം അമേരിക്ക, ഒരിടത്ത്, ആർക്കറിയാം, കണ്ണാടി, കാണ്മോളവും, എന്തുണ്ട് വിശേഷം പീലാത്തോസേ?, ഇഷ്ടികയും ആശാരിയും എന്നിവ പ്രധാന കൃതികൾ.



Sreelekshmi

# സമയം

ഒരു ദിവസം ഒരു വ്യക്തി ഓഫീസിൽ നിന്ന് വളരെ ഷീണിതനായി തിരിച്ചു തന്റെ വീട്ടിലെത്തി അദ്ദേഹത്തിന്റെ എട്ടു വയസുള്ള മകൻ തന്നെയും കത്ത് അവിടെ നിൽക്കുന്നത്  അദ്ദേഹം കണ്ടു അച്ഛാ ഞാൻ ഒരു കാര്യം ചോദിക്കട്ടെ അദ്ദേഹം ചോദിക്കാൻ പറഞ്ഞപ്പോ കുട്ടി ചോദിച്ചതി അച്ഛൻ ഒരു മണിക്കൂറിൽ എത്ര പണം സംബന്ധിക്കും. ഇതു കേട്ടപ്പോ അദ്ദേഹത്തിന്  അൽപ്പം ദേഷ്യം വന്നു അപ്പൊ അദ്ദേഹം  പറഞ്ഞു  ഏകദേശം നറു റുപ  ആയിരിക്കും പിന്നീട് കുട്ടി ചോദിച്ചു  അച്ഛാ എനിക്ക് ഒരു ഇരുപത്തിയഞ്ചു രുപ  തരുമോ ഇതുകേട്ടപ്പോ അദ്ദേഹത്തിനു  ഒന്നുകൂടി ദേഷ്യം വന്നു. എന്നിട്ട് മകനെ  വഴക്കു പറഞ്ഞു മുറിയിൽ പോയി ഇരിക്കാൻ ആവശ്യ പെട്ടു. കുറച്ചു നേരം കഴിഞ്ഞു ദേഷ്യം കുറഞ്ഞപ്പോൾ അദ്ദേഹം തന്റെ മകന്റെ അടുത്ത ചെന്ന് ക്ഷമ പറഞ്ഞു ഇരുപത്തിയഞ്ച് റുപ പോക്കറ്റിൽ നിന്ന് എടുത്ത് കൊടുത്തു കുട്ടി സന്തോഷത്തോടെ പണം വാംഗി എന്നിട്ട് അവൻ സൂക്ഷിച്ച വെച്ചിരുന്ന പണം പോരാത്ത എടുത്തു. നിന്റെ അടുത്ത ഇത്രെയും പണം ഉണ്ടായിട്ട് നീ എന്തിനാണ് ഇരുപത്തിയഞ്ച് റുപ ചോദിച്ചത് കാരണം എന്റെ അടുത്ത മുഴുവൻ പണം ഇല്ലായിരുന്നു. ഇതാ അച്ഛാ നൂറുറുപ നാളെ അച്ഛൻ എനിക്ക് വേണ്ടി ഒരു മണിക്കൂർ ചിലവഴികണം എനിക്ക് അച്ഛന്റെ കൂടെ ആഹാരം കഴിക്കണം എന്നു ഉണ്ട് .

നമുക് എത്ര മാത്രം തിരക്കുണ്ടെങ്കിലും നമ്മുടെ പ്രിയപ്പെട്ടവർക്കായി കുറച്ചു സമയം ചിലവഴിക്കുക.



ABHIRAM

കൈയ്യൊപ്പ് /-

**ഒക്ടോബർ 27 മലയാളത്തിന്റെ അനശ്വര കവിയായ വയലാറിന്റെ ഓർമ്മദിനത്തോട് അനുബന്ധിച്ചു വി.ആർ.വി.എം.ജി.എച്.എസ്.എസ്.ഇൽ നടത്തിയ പൊതുജന വിഭാഗം കവിത രചനയിൽനിന്നും ,സ്കൂൾ തല കവിതാരചനയില്നിന്നും തെരഞ്ഞെടുക്കപെട്ട കവിതകളാണിവ**

കൈയ്യൊപ്പ് /-

**HSS**

# ശ്വാസം മുട്ടുന്ന വാക്കുകൾ

**മതിഭ്രമം ബാധിച്ച ചിന്തകൾ**
**ജരാനര വീണു ചത്തുപോയി വീണ്ടും**
**മറവിയുടെ കുഴിമാടത്തിൽ നിന്നും**
**ഉയിർ കൊണ്ടുവന്നു പേടിപെടുത്തും ഓർമ്മകൾ**

**ഉള്ളിൽ കത്തുന്ന തീക്കനലുകൾ**
**മൂടിവച്ച മുഖം മൂടി ചിരികൾക്കു-**
**ഉള്ളിൽ പെട്ടുപോയ ശ്വാസക്കട്ടപോൾ**
**വീർപ്പ്മുട്ടും  വാക്കുകൾ**

**വയ്ക്കോണിലൂറിയ ഛർദിൽ**
**സ്ഥലകാല ബോധ്യത്തിൽ തിരികെ**
**വിഴുങ്ങും പോലെ**
**അത്രയും ദുസ്സഹമായ്**
**ഉള്ളിലമറന്നേ പോം വാക്കുകൾ**

**ഒരിക്കൽ എന്നെങ്കിലും എന്റെ**
**നിശബ്ദതയിൽ തട്ടി വാക്കുകൾ**
**വക്കുപൊട്ടിയുടനെയ്ക്കാം**
**നിറഞ്ഞു വീർത്ത ചിതാഭസ്മകുടം**
**കൈത്തട്ടി വീണുടയും പോലെ**
**അത്രമേൽ അവ നിങ്ങളിൽ**
**ദുസ്സഹമായി പതിച്ചേക്കാം**

**ശ്വാസം ഇല്ലാതെ  പിടയുന്ന**
**വാക്കുകൾക്കതൊരു ആശ്വാസമായേക്കാം**
**ഒപ്പംചങ്ങലക്കൂട്ടിലെ എന്റെ കിനാക്കളുടെ**
**സ്വാതന്ത്ര്യവും............**

**കൈയ്യൊപ്പ്**/-

# കിനാവിന്റെ അങ്ങേക്കരയിലേക്കിനി എത്ദൂരം

സ പൂക്കുന്ന
നാഗ പ്രെപഞ്ചത്തിൽ
നക്ഷത്ര കുഞ്ഞു ചിരിക്കെ
പെൺ കിനാവിന്റെ നിലാ
പൂമഴചാർത്തിലായി
മേയ്കുളുർന്നുള്ളം തുടിക്കെ
'സ്ത്രി'എന്നാ വാക്കിന്റെ-
കെട്ടിനാലെന്നിലേ
സ്വപ്നങ്ങൾ പട്ടടവെക്കെ
മനുവും മതാന്ധനാം
നീതിശാസ്ത്രക്കഴുകുക -
ബോധവും നൃത്യം തുടരെ
ശകടങ്ങളിൽ നിന്നു-
തെരുവിൽ തെറിക്കുന്ന-
'സൗമ്യ'യാഥാർഥ്യങ്ങൾ മുറുകെ
പ്രാണനിൽ കൊതിപൂണ്ട
'നിർഭയ'പെൺകൊടികൾ
നിർദ്ദയം കടയാറ്റുകൊഴിയെ
അലയൊടുങ്ങാത്ത
മഹാസമുദ്രങ്ങളെൻ
കാനാവിന്നതീർത്തികൾ  തീർക്കേ
അറിയില്ല ദൂരം കിനാവിന്റെ
മാറുകരയ്ക്കെത്തുവാൻ
ചെറുതോണിയുഴറു

കൈയ്യൊപ്പ്/-

# മറുകരതേടി

പള്ളി സെമിത്തേരി മതിലിനുള്ളിലെ
കൽകുരിശുകൾ ചുടേറ്റുകിടന്നു
മറുകോണിൽ ചിതകത്തുന്നു
വഴിതേടിയുയരുന്നു മരിച്ച വിശ്വാസിയുടെ
പുകച്ചുരുൾ

വിലക്കപ്പെട്ട ശുചിമുറിക്കുള്ളിൽ
ഒരു മുഴം കയറിന്റെയറ്റത്ത്
കാറ്റിൽ തൂങ്ങിയാടുന്നു
മരിച്ച രോഗിയുടെ കാലുകൾ

പോക്കുവെയിൽ ചാഞ്ഞ
പാതയോരത്ത്
പാൽപുഞ്ചിരി തേടുന്നു
മരിച്ച കണ്ണിന്റെ നോട്ടം

നാലുചുവരുകൾക്കുള്ളിൽ
മരിച്ച മനസ്സിനെ
തുറിച്ചു നോക്കി

ഏകാന്തതയേറ്റു കിടക്കുന്നു
ബാല്യവും രണ്ടാം ബാല്യവും
നിലയില്ലാക്കയത്തി നിന്നും
മറുകരതേടിയലയുന്നു
മരിച്ച വിശ്വാസിയുടെ
മരിച്ച രോഗിയുടെ
മരിച്ച കണ്ണിന്റെ
മരിച്ച മനസ്സിന്റെ
ഇനിയും മരിക്കാത്ത ലോകം

**ഒന്നാം സ്ഥാനത്തിന്**

**അർഹമായ കവിത**

# ഒറ്റക്കിരിക്കുമ്പോൾ

മഴനൂലിനി ചെയ്യുമിരുൾ വീണ മദ്ധ്യാഹ്നം
ജടനീണ്ട ശിരസ്സെന്റെ മഴവീട് വാർദ്ധക്യം .......
ചെറു കാറ്റില ചാറി വിരിയിട്ട കോലായിൽ
അണു രോഗവിവശമാർന്നൊറ്റയ്ക്കിരിക്കുമ്പോൾ .
'ഉലകാകെയൊരു രോഗം, നദിയെല്ലാം ശവമഞ്ചം .
വഴി നീളെ ചുടല ,യെന്നൊരു കാക്ക കുറുകുന്നു .......
ഭ്രമമോടെ ദിനപത്ര ചരമ താളിൽ സ്വന്തം
മരണശേഷം നൽകാൻ മുഖഭാവം തിരയവെ,
വിട ചൊന്ന നാൾ മുതൽ തിരയുന്ന നിന്നാർദ്ര മുഖമെന്റെ കൺമുമ്പിൽ; ഇടിമിന്നൽ
നെഞ്ചില മിഴികൾ പൂവർഷമായ് നിറയും കലാലയ
സ്മരണയിൽ നീ നൽകുമൊളി കൺതിളക്കങ്ങൾ ......
അനഘ മാമനുരാഗമുള്ളിലുണ്ടായിട്ടും
പറയുവാ നറിയാതെ കലഹിച്ച യോർമ്മകൾ.....
വിട ചൊല്ലിടുമ്പോഴുമകതാരിൽ നിഷ്കളം
ഒരുമിക്കുവാൻ നെഞ്ച മുരുകി കൊതിച്ചവൻ.......
സ്ഖലിത സ്വപ്നങ്ങളാൽ നിലതെറ്റി മാനസം
ചുടല തേടുമ്പോഴുമറിയുന്നു സഖി നിന്റെ
സുഖദ സാമീപ്യമാം പ്രണയ ശ്രീകോവിലിലെൻ
നിറമാല ചൂടാതടഞ്ഞതിൽ വേദന
"മരണമുണ്ടൊരു ശ്വാസനിശ്വാസമപ്പുറം "
ഒരു ഗൗളി സത്യ ചില ക്കെയെൻ പടിവാതിൽ
പതിയെ തുറക്കുന്നതാരായിരിക്കുമെൻ മൃത്യുവോ ? മിഥ്യയോ ?

# മാതൃഭാഷ (തായ്മൊഴി )

എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് ഒരു വ്യക്തിയുടെ മാതാവിന്റെ ഭാഷ എന്നല്ല. സ്വന്തം ഭാഷയെ മാതാവായിക്കാണുന്നചിലയിടങ്ങളിൽ ഭാര്യ ഭർത്താവിന്റെ പ്രദേശത്തേക്കുപോവുകയും, തത്ഫലമായി ആ കുടുംബത്തിൽ വ്യത്യസ്ത പ്രധാന ഭാഷകൾ ഉണ്ടാവുകയും ചെയ്യുന്നു. ആ കുടുംബത്തിലുണ്ടാവുന്ന കുട്ടികൾ സാധാരണയായി ആ പ്രദേശത്തെ ഭാഷയാണ് പഠിക്കുക. ഇപ്രകാരമുള്ളവരിൽ വളരെ കുറച്ചു പേർ മാത്രമെ അവരുടെ മാതൃഭാഷ പഠിക്കാറുള്ളു. "മാതൃ"(മാതാവ്) എന്നത് ഈ കാഴ്ചപ്പാടിൽ, ചിലപ്പോൾ മാതാവ് എന്നതിന്റെ പര്യായങ്ങളായ(നിർവ്വചനങ്ങളായ) "ഉത്ഭവം", "ഉറവിടം" എന്നിവയിൽ നിന്നാവാം ഉണ്ടായിരിക്കുക. (ഉദാഹരണമായി: "മാതൃരാജ്യം", "മാതൃദേശം" എന്നിവ)

ഇന്ത്യ കെനിയ തുടങ്ങിയ ചില രാജ്യങ്ങളിൽ "മാതൃഭാഷ" എന്നത് ഒരു വ്യക്തിയുടെ, അവനുൾപ്പെടുന്ന പാരമ്പര്യ സമൂഹത്തിന്റെ സാധാരണ സംസാരശൈലിയും, അച്ചടിശൈലിയും അടങ്ങുന്ന ഭാഷയാണ് (എത്തിക് ഗ്രൂപ്പ്) (എത്തിക് ഭാഷ).[1] [*പ്രവർത്തിക്കാത്ത കണ്ണി*]). ഏതാണ്ട് ഇതേ ഭാഷാപ്രയോഗം തന്നെയാണ്, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ-മധ്യപാദങ്ങളിൽ അയർലന്റ് റിപ്പബ്ലിക്കിൽ ഉണ്ടായത്; ഐറിഷ് ജനതയുടെ മുഴുവനും മാതൃഭാഷയായി "ഐറിഷ് ഭാഷ" ഉപയോഗിക്കപ്പെട്ടു. ചില ഐറിഷ് പൗരന്മാർ ആദ്യഭാഷ ഇംഗ്ലീഷാണ് പഠിച്ചിരുന്നതെങ്കിലും അവരുടെ മാതൃഭാഷ "ഐറിഷ്" ആയി കണക്കാക്കപ്പെട്ടു. അപ്രകാരം തന്നെ സിങ്കപ്പൂരിൽ മാതൃഭാഷ എന്നത് ഒരു വ്യക്തിയുടെ പാരമ്പര്യഭാഷയായാണ് കണക്കാക്കുന്നത്, ആ വ്യക്തി പാരമ്പര്യഭാഷയിൽ ജ്ഞാനമുള്ളയാളണോ, അല്ലയോ എന്നത് മാതൃഭാഷാമാനദണ്ഡമല്ല. പക്ഷേ, അവിടെ ആദ്യഭാഷ ആംഗലമാണ്, കാരണം സ്വാതന്ത്ര്യാനന്തരം സിങ്കപ്പൂരിലെ സർക്കാർ സ്കൂളുകളിലും മറ്റും പ്രധാന അദ്ധ്യയനഭാഷയും, മറ്റെല്ലായിടത്തും പ്രധാന ഉപയോഗഭാഷയും ആംഗലമാണ്.

J. R. R. Tolkien, അദ്ദേഹത്തിന്റെ 1955 ലെ *ഇംഗ്ലീഷും, വെൽഷും* എന്ന പ്രസംഗത്തിൽ "മാതൃഭാഷ', "ഉപയോഗഭാഷ" എന്നിവയെ വേർതിരിച്ചുകാണിച്ചിട്ടുണ്ട്. ഒരു വ്യക്തി അവന്റെ/അവളുടെ കുട്ടിക്കാലത്ത് സ്ഥലകാലസാഹചര്യങ്ങളിലൂടെ പഠിക്കുന്ന ഭാഷയാണ് ആ വ്യക്തിയുടെ "ഉപയോഗഭാഷ" അഥവാ "ആദ്യഭാഷ" (ഫസ്റ്റ് ലാംഗ്വേജ്), എന്നാൽ ആ വ്യക്തിയുടെ "മാതൃഭാഷ" എന്നത് ജനിതകമായി/പാരമ്പര്യമായി ആ

കൈയ്യൊപ്പ് /-

# സാഹിത്യ ക്വിസ്

1. മലയാളത്തിലെ അധുനിക കവിത്രയങ്ങളിൽ ഉൾപ്പെട്ട കവികൾ ആരെല്ലാം?

ആശാൻ, ഉള്ളൂർ, വള്ളത്തോൾ

2. നാടകവേദിയെപ്പറ്റിയുള്ള ആധികാരിക ഗ്രന്ഥം എന്നറിയപ്പെടുന്ന 'നാടകീയം' എഴുതിയതാരാണ്?
കൈനിക്കര കുമാരപിള്ള

3. 'ആസ്സാം പണിക്കാർ' എന്ന കവിതയുടെ രചയിതാവ് ആര് ?
വൈലോപ്പിള്ളി ശ്രീധരമേനോൻ

4. മലയാള സാഹിത്യത്തിലെ ആദ്യ നോവൽ എന്ന് കണക്കാക്കപ്പെടുന്ന ഇന്ദുലേഖയുടെ കർത്താവാര് ?
ഒ. ചന്തുമേനോൻ

5. മഹാകവി ജി ശങ്കരക്കുറുപ്പിന്റെ ജ്ഞാനപീഠപുരസ്കാരം ലഭിച്ച കവിതാ സമാഹാരം ഏത് ?
ഓടക്കുഴൽ

6. 'ഖസാക്കിൻ്റെ ഇതിഹാസം' എന്ന നോവൽ എഴുതിയതാര്?
ഒ. വി വിജയൻ

7. നിരുപകനായി അറിയപ്പെട്ടിരുന്ന ജോസഫ് മുണ്ടശ്ശേരിയുടെ ആദ്യകാല കവിതകൾ സമാഹരിച്ച് പ്രസിദ്ധികരിച്ച കവിതാ സമാഹാരത്തിൻ്റെ പേര്?
ചിന്താ മാധുരി

8. മലയാളത്തിലെ ആദ്യ നാടകമായി കണക്കാക്കുന്ന മണിപ്രവാള ശാകുന്തളം (1882) എന്ന നാടകത്തിന്റെ രചയിതാവ് ആര്?
കേരളവർമ്മ വലിയകോയിത്തമ്പുരാൻ
9. അരുന്ധതി റോയിയുടെ "ദി ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ് " എന്ന കേരള പശ്ച്ചാത്തലത്തിൽ എഴുതിയ നോവലിന് മാൻ ബുക്കർ പ്രൈസ് ലഭിച്ചത് ഏത് വർഷം?
1997


10. മുത്തശ്ശി എന്ന നോവലിൻ്റെ കർത്താവാര് ?
ചെറുകാട്



Akshay samarth

കൈയ്യൊപ്പ് /-

# പ്രശസ്ത മലയാള കവികൾ

കുമാരനാശാന്   ഉള്ളൂര് എസ്.   ജി.ശങ്കരക്കുറുപ്പ്  വള്ളത്തോള്



പരമേശ്വരയ്യര്



ചങ്ങമ്പുഴ കൃഷ്ണപിള്ള



ഇടശ്ശേരി ഗോവിന്ദന് നായര്



വൈലോപ്പിള്ളി



ഒ.എന്.വി.കുറുപ്പ്



അക്കിത്തം അച്യുതന് നമ്പൂതിരി



കടമ്മനിട്ട രാമകൃഷ്ണന്

കൈയ്യൊപ്പ്-

# വയലാർ എന്ന അനശ്വര കവി

മലയാളത്തിലെ പ്രശസ്ത കവിയും ചലച്ചിത്ര ഗാനരചയിതാവുമാണ് വയലാര് രാമവര്മ.കവി എന്നതിലുപരി, സിനിമാഗാനരചയിതാവ് എന്ന നിലയിലാണ് കൂടുതൽ പ്രസിദ്ധനായത്.പച്ച മനുഷ്യന്റെ സുഖവും ദുഃഖവും ഒപ്പിയെടുത്ത ആയിരത്തിൽ പരം ഗാനങ്ങൾ അദ്ദേഹം രചിച്ചു. 1961-ൽ സർഗസംഗീതം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

1974-ൽ "നെല്ല്", "അതിഥി" എന്നീ ചിത്രങ്ങളിലൂടെ മികച്ച ചലച്ചിത്രഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സുവർണ്ണപ്പതക്കവും നേടി. 1957-ൽ ഇ.എം.എസ് മന്ത്രിസഭയുടെ കാലത്ത് പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ ഉദ്ഘാടനച്ചടങ്ങിന് അവതരിപ്പിക്കാൻ വേണ്ടി രചിച്ച " ബലികുടീരങ്ങളേ..."എന്ന ഗാനം വൻ ജനശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

അക്കാലത്ത് വയലാർ-ദേവരാജൻ മാസ്റ്റർ കൂട്ടുകെട്ട് അനേകം ഗാനങ്ങൾ മലയാളികൾക്ക് സമ്മാനിച്ചു.1975 ഒക്ടോബർ 27-നു പുലർച്ചെ നാലുമണിയ്ക്ക് തന്റെ നാൽപ്പത്തിയേഴാമത്തെ വയസ്സിൽ വയലാർ അന്തരിച്ചു.തന്റെ പ്രശസ്തിയുടെ നെറുകയിൽ നിൽക്കുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ ഈ അകാലമരണം.







കൈയ്യൊപ്പ് /-

# പോസ്റ്റർ






sughandhi

കൈയ്യൊപ്പ് /-